"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനിത ശിശു വികസന വകുപ്പ്- ഇടുക്കി ഐസിഡിഎസ് പ്രൊജക്റ്റിലെ വണ്ണപ്പുറം ഗ്രാമപഞ്ചായത്തിലെ വെള്ളെള്ള് 3-ാം നമ്പർ അങ്കണവാടി കെട്ടിട നിർമ്മാണ പ്രവർത്തിയുടെ CC 1st & ഫൈനൽ ബിൽ തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനിത ശിശു വികസന(ബി)വകുപ്പ്**

സ.ഉ.(സാധാ) നം.171/2026/WCDD തീയതി,തിരുവനന്തപുരം, 23-04-2026

---

പരാമർശം:-
1. സ.ഉ(സാധാ)നം.516/2014/സാനീവ തീയതി 12/08/2014
2. വനിത ശിശു വികസന ഡയറക്ടറുടെ 27/07/2025, 21/01/2026 തീയതികളിലെ DWCD/377/2025-ICDSA7 നമ്പർ കത്ത്

**ഉത്തരവ്**

ഒരു നിയോജകമണ്ഡലത്തിൽ ഒരു മാതൃകാ അങ്കണവാടി വീതം എല്ലാ നിയോജകമണ്ഡലങ്ങളിലും മാതൃകാ അങ്കണവാടി നിർമ്മിക്കുന്നതിനായി 2011-12 സാമ്പത്തികവർഷത്തെ 2235-02-102-69(പി) ശീർഷകത്തിൽ 100 കോടി രൂപവകയിരുത്തിയിരുന്നു. മാതൃകാ അങ്കണവാടി നിർമ്മാണത്തിനായിസാമൂഹ്യ നീതി ഡയറക്ടറുടെ 14907 നമ്പർ ടി എസ് ബി അക്കൗണ്ടിൽ നിക്ഷേപിച്ചിരുന്ന 54.5249 കോടി രൂപയിൽ നിന്നും 140 മാതൃകാ അങ്കണവാടികൾ നിർമ്മിക്കുന്നതിന് ആവശ്യമായ തുക കുറവ് ചെയ്തതിനു ശേഷം ബാക്കിയുള്ള തുകയിൽ നിന്നും ഒരു അങ്കണവാടിയ്ക്ക് 11.66 ലക്ഷം രൂപ നിരക്കിൽ ₹4,89,72,000/- രൂപ ചെലവഴിച്ച് 42 അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി പരാമർശം(1) പ്രകാരം അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

(2) എന്നാൽ പ്രസ്തുത ഉത്തരവിലെ 2235-02-102-69(P) ശീർഷകം നിലവിൽ ഇല്ലാത്തതിനാലും , ടി അങ്കണവാടികളിൽ ഉൾപ്പെട്ട ഇടുക്കി ഐസിഡിഎസ് പ്രോജക്ടിലെ വണ്ണപ്പുറം ഗ്രാമ പഞ്ചായത്തിലെ വെള്ളെള്ള് 3-ാം നമ്പർ അങ്കണവാടി കെട്ടിട നിർമ്മാണ പ്രവർത്തിയുടെ CC 1st & ഫൈനൽ ബിൽ തുകയായ ₹8,23,360/- രൂപ അനുവദിച്ച് നൽകുന്നതിനുള്ള അപേക്ഷ ലഭ്യമായതിനാലും, തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ CCO ആയിട്ടുള്ള 4235-02-102-87 (P) ശീർഷകത്തിൽ നിന്നും 2025-26 സാമ്പത്തിക വർഷം ടി തുക വിനിയോഗിക്കുന്നതിനുള്ള അനുമതി ലഭ്യമാക്കണമെന്ന് വനിത ശിശു വികസന ഡയറക്ടർ പരാമർശം(2) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇടുക്കി ICDS പ്രോജക്ടിലെ വണ്ണപ്പുറം ഗ്രാമ

പഞ്ചായത്തിലെ വെള്ളെള്ളള് 3-ാംാം നമ്പർ അങ്കണവാടി കെട്ടിട നിർമ്മാണ പ്രവർത്തിയുടെ CC 1st & ഫൈനൽ ബിൽ തുകയായ ₹8,23,360/- (എട്ട് ലക്ഷത്തി ഇരുപത്തിമൂവായിരത്തി മുന്നൂറ്റി അറുപത് രൂപ മാത്രം) രൂപ 2026-27 സാമ്പത്തിക വർഷത്തിലെ തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ CCO ആയ 4235-02-102-87(P) ശീർഷകത്തിൽ നിന്നും വഹിക്കുന്നതിന് അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സന്തോഷ് കുമാർ.റ്റി.കെ.
അഡിഷണൽ സെക്രട്ടറി

വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (WCD-1/200/2025-FIN(E:3263578) dtd 30/03/2026)
വെബ് & ന്യൂ മീഡിയ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sithara Vijayan
Date: 24-04-2026 10:19:43
സെക്ഷൻ ഓഫീസർ